## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 781** — 30/06/2011-ൽ മറുപടിക്ക്

### മദ്രസാ നവീകരണ പദ്ധതി

| ചോദ്യം<br>ശ്രീ. പി.റ്റി. എ. റഹീം: | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|---|
| എ) | മദ്രസാ നവീകരണ പദ്ധതി അനുസരിച്ച് കഴിഞ്ഞ 5 വർഷക്കാലയളവിൽ ഓരോ വർഷവും എത്ര തുക വീതമാണ് വിതരണം ചെയ്തത്; | എ) മദ്രസാ നവീകരണ പദ്ധതി അനുസരിച്ച് കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടെ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു |

| സാമ്പത്തിക വർഷം | വിതരണം ചെയ്ത തുക |
|---|---|
| 2006-07 | 11,52,000/- രൂപ |
| 2007-08 | 2,00,04,000/- രൂപ |
| 2008-09 | 91,20,000/- രൂപ |
| 2009-10 | ഇല്ല |

2010-11 സാമ്പത്തിക വർഷം സംസ്ഥാനത്തെ 547 മദ്രസകൾക്ക് വിതരണം ചെയ്യാൻ ഒന്നാം ഘട്ട ധനസഹായമായി 14,90,09,000/- രൂപ (പതിനാലു കോടി തൊണ്ണൂറ് ലക്ഷത്തി ഒമ്പതിനായിരം രൂപ മാത്രം) കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ചിട്ടുണ്ട്. ഇതു ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | |
|---|---|---|
| ബി) | കേന്ദ്ര സർക്കാർ അനുവദിച്ച തുകയിൽ എത്ര തുക ബാക്കിയുണ്ട്; | ബി) 2010-11 സാമ്പത്തിക വർഷം വിതരണം ചെയ്യാൻ കേന്ദ്ര സർക്കാർ അനുവദിച്ച 14,90,09,000/- രൂപ സർക്കാരിന്റെ കൈവശം ബാക്കിയുണ്ട്. |
| സി) | 2010 - 2011 ലെ ഗ്രാന്റ് തുക കേന്ദ്രത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടോ ? | സി) 2010-11 ലെ ഗ്രാന്റ് തുകയുടെ ആദ്യ ഗഡുവായി 14,90,09,000/- രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ